**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **12-09-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ ആക്കി മാറ്റുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും സ്മാർട്ട് കൃഷിഭവനുകൾ ആക്കി മാറ്റുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനകളും സ്മാർട്ട് കൃഷി ഭവനാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആദ്യ ഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനെ വീതം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയതിൻ പ്രകാരം സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 28 കൃഷി ഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷി ഭവനാക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. സ്മാർട്ട് കൃഷി ഭവനുകൾ ആക്കുന്നതിനായി തെരഞ്ഞെടുത്ത 28 കൃഷി ഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് **അനുബന്ധം 1** ആയി ചേർക്കുന്നു. ഇവയിൽ വയനാട് ജില്ലയിൽ മാനന്തവാടി നിയോജക മണ്ഡലത്തിലെ തൊണ്ടർനാട്, പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പലം എന്നീ കൃഷി ഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുണ്ട്.<br><br>കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. ടി പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 14 കൃഷിഭവനുകളുടെ ലിസ്റ്റ് **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് എത്ര കൃഷിഭവനുകൾ ഇത്തരത്തിൽ ഏറ്റെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനകളും സ്മാർട്ട് കൃഷി ഭവനാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ആദ്യ ഘട്ടത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനെ വീതം ഫണ്ടിന്റെ ലഭ്യതയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയതിൻ പ്രകാരം സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 28 കൃഷി ഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷി ഭവനാക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. സ്മാർട്ട് കൃഷി ഭവനുകൾ ആക്കുന്നതിനായി തെരഞ്ഞെടുത്ത 28 കൃഷി ഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് **അനുബന്ധം 1** ആയി ചേർക്കുന്നു. ഇവയിൽ വയനാട് ജില്ലയിൽ മാനന്തവാടി നിയോജക മണ്ഡലത്തിലെ തൊണ്ടർനാട്, പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പലം എന്നീ കൃഷി ഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുണ്ട്.<br><br>കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. ടി പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 14 കൃഷിഭവനുകളുടെ ലിസ്റ്റ് **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനായി തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്**

| ക്രമ നം. | ജില്ല | കൃഷിഭവന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | മംഗലപുരം, കരകുളം |
| 2 | കൊല്ലം | അഞ്ചൽ, പരവൂർ |
| 3 | പത്തനംതിട്ട | അരുവാപ്പലം, പുറമറ്റം (ബഹു.എം.എൽ.എയുടെ നിർദ്ദേശ പ്രകാരം തിരുവല്ല നിയോജക മണ്ഡലത്തിൽ കുന്നന്താനം കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.) |
| 4 | ആലപ്പുഴ | മാരാരിക്കുളം സൗത്ത്, മുളക്കുഴ, ചേർത്തല സൗത്ത് |
| 5 | കോട്ടയം | നീണ്ടൂർ, തൃക്കൊടിത്താനം |
| 6 | ഇടുക്കി | കൊക്കയാർ, കൊന്നത്തടി |
| 7 | എറണാകുളം | കോട്ടുവള്ളി, ആലങ്ങാട് |
| 8 | തൃശ്ശൂർ | അയ്യന്തോൾ, കണ്ടാണശ്ശേരി |
| 9 | പാലക്കാട് | കൊടുമ്പ്, പട്ടാമ്പി |
| 10 | മലപ്പുറം | വണ്ടൂർ, തൃപ്രങ്ങോട് |
| 11 | കോഴിക്കോട് | പനങ്ങാട്, പേരാമ്പ്ര |
| 12 | വയനാട് | തൊണ്ടർനാട് |
| 13 | കണ്ണൂർ | ചെറുതാഴം, ചെറുപുഴ |
| 14 | കാസറഗോഡ് | ബേഡഡുക്ക, കയ്യൂർ, ചീമേനി |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

## RIDF TRANCHE XXVII പ്രകാരം തെരഞ്ഞെടുത്ത കൃഷിഭവനുകൾ

| ക്രമ നം. | ജില്ല | കൃഷിഭവൻ |
|---|---|---|
| 1 | തിരുവനന്തപുരം | നഗരൂർ |
| 2 | കൊല്ലം | നെടുമ്പന |
| 3 | പത്തനംതിട്ട | മെഴുവേലി |
| 4 | ആലപ്പുഴ | നെടുമുടി |
| 5 | കോട്ടയം | റ്റി.വി.പുരം |
| 6 | ഇടുക്കി | വണ്ണാപ്പുറം |
| 7 | എറണാകുളം | കുന്നത്തുനാട് |
| 8 | തൃശ്ശൂർ | വടക്കാഞ്ചേരി |
| 9 | പാലക്കാട് | പേരുവേമ്പ |
| 10 | മലപ്പുറം | തിരുനാവായ |
| 11 | കോഴിക്കോട് | തിരുവമ്പാടി |
| 12 | വയനാട് | മുട്ടിൽ |
| 13 | കണ്ണൂർ | കുത്തുപറമ്പ് |
| 14 | കാസറഗോഡ് | പുത്തിഗെ |

സെക്ഷൻ ഓഫീസർ